300998/2020/FC DCKKD

B1

B-3314

കളക്ടറേറ്റ് കാര്യാലയം കോഴിക്കോട്
16 MAR 2020

<u>കോഴിക്കോട്-ബാലുശ്ശേരി റോഡ് വികസനാർത്ഥം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടു നടത്തിയ സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിൻമേൽ, കോഴിക്കോടു ജില്ലാ കലക്ടർക്ക് സമർപ്പിക്കുന്ന വിവിധവിഷയവിദഗ്ദ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്.</u>

സൂചന: ജില്ലാ കലക്ടറുടെ 16-12-2019ലെDCKKD/16558/2017-B1 നമ്പർ നടപടിക്രമം

മേൽ സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് .വിദഗ്ദ സമിതിയുടെ 05-03-2020ന് ചേർന്ന യോഗത്തിൽ വളരെ സൂക്ഷമായും വിശദമായും പരിശോധിക്കുകയും പ്രസ്തുത പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം 04-03-2020ന് സന്ദർശിക്കുകയും ചെയ്തു. സാമൂഹ്യ ആഘാത പഠന സമിതി റിപ്പോർട്ടിൻമേൽ നടന്ന വിശദമായ പരിശോധനയുടെയും സ്ഥലം സന്ദർശനത്തിൻ്റെയും അടിസ്ഥാനത്തിൽ പ്രസ്തുത വിദഗ്ദ സമിതിയിലെ എല്ലാ അംഗങ്ങളും
(1) നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിനുള്ളതാണെന്നും
(2) പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായുണ്ടാകാവുന്ന സാമൂഹ്യ ചെലവുകളെയും സാമൂഹ്യ ആഘാതങ്ങളെയും അപേക്ഷിച്ച് വളരെ കൂടുതലാണെന്നുമുള്ള ഏകാഭിപ്രായത്തിൽ താഴെ പറയുന്ന കാരണങ്ങളിൽ എത്തിച്ചേർന്നു.

1. കോഴിക്കോട് ജില്ലാ ആസ്ഥാനത്തെയും ബാലുശ്ശേരിയെയും ബന്ധിപ്പിക്കുന്ന കോഴിക്കോട് ബാലുശ്ശേരി റോഡ് താരതമ്യേന വീതി കുറഞ്ഞതാണ്. പദ്ധതി പ്രദേശത്തെ ജനസാന്ദ്രത,വാഹനങ്ങളുടെ ആധിക്യം,മറ്റു വാണിജ്യാവശ്യങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ പ്രസ്തുത റോഡിൻ്റെ വികസനം അത്യന്താപേക്ഷിതമാണെന്നും ബോധ്യപ്പെടും. പ്രദേശവാസികൾക്ക് മാത്രമല്ല, പൊതുസമൂഹത്തിനാകെ തന്നെ ഗുണകരമായൊരു പദ്ധതിയാകയാൽ ഈ റോഡിൻ്റെ വികസനം ഒരു പൊതുആവശ്യത്തിനുവേണ്ടിയുള്ളതുതന്നെയാണ്.

2. ഈ സാമൂഹ്യ ആഘാത റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരവും ,സമിതി അംഗങ്ങളുടെ സ്ഥലം സന്ദർശനത്തിലൂടെയും ഈ പദ്ധതിയിലൂടെ താഴെ സൂചിപ്പിക്കുന്ന പ്രയോജനങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട്.
   i. പ്രദേശത്തെ മൊത്തത്തിലുള്ള വികസനം
   ii. പ്രദേശവാസികൾക്ക് എന്ന പോലെ,പൊതുസമൂഹത്തിനും പ്രയോജനപ്പെടുന്ന ഗതാഗത സൗകര്യം
   iii. വാണിജ്യസൗകര്യം
   iv. റോഡിൻ്റെ ഇരുവശത്തുമുണ്ടാകാവുന്ന വിലവർദ്ധന
   v. സമീപസ്ഥലങ്ങൾക്കും ആനുപാതികമായി വിലവർദ്ധനക്കുള്ള സാദ്ധ്യത
   vi. പ്രദേശവാസികളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടാനുള്ള സാദ്ധ്യത
   vii. മറ്റുഅനുബന്ധപ്രയോജനങ്ങൾ

എന്നാൽ സാമൂഹ്യ ആഘാതങ്ങളായി പരാമർശിച്ചിട്ടുള്ളത് ഈ പദ്ധതിമൂലം കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ കാര്യവും, കച്ചവട സ്ഥാപനങ്ങൾ ഒഴിപ്പിക്കപ്പെടുമ്പോൾ ഉണ്ടാകാവുന്ന തൊഴിൽപരമായ ആഘാതവുമാണ്. കുടിയൊഴിപ്പിക്കപ്പെടുന്ന ഓരോ കുടുംബത്തിനും തങ്ങൾക്ക് നഷ്ടപ്പെടുന്ന സ്ഥലം , കുഴിക്കൂറുകൾ, ചമയങ്ങൾ എന്നിവക്ക് തക്കതായ പ്രതിഫലത്തിനും മറ്റു നിരവധി

ആനുകൂല്യങ്ങൾക്കും 2013 ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം അർഹതയുണ്ട്. തൻ്റെ ജീവനോപാധി നഷ്ടപ്പെടുന്നവർക്കും പ്രതിഫലത്തിന് അർഹതയുണ്ട്. ഈ വസ്തുതകൾ എല്ലാം തന്നെ വിശദമായി പരിശോധിച്ചതിൽ ഈ പദ്ധതി നടപ്പിലാക്കുമ്പോഴുണ്ടാകാവുന്ന പ്രയോജനങ്ങൾ ഇത് മൂലം ഉണ്ടാകാവുന്ന സാമൂഹ്യാഘാതത്തേക്കാൾ വളരെ വലുതാണെന്ന് സമിതി വിലയിരുത്തുന്നു

കൂടാതെ നിലവിലുള്ള റോഡിന് കാരപ്പറമ്പ് മുതൽ കക്കോടി പാലം വരെയുള്ള 4 കി.മീ.ദൂരം 18മീറ്ററും കക്കോടി പാലം മുതൽ ബാലുശ്ശേരി മുക്ക് വരെ ഏതാണ്ട് 17 കി.മീ.ദൂരം 12 മീറ്ററുമായി വീതി നിജപ്പെടുത്തിയിരിക്കുന്നു. എന്നിരുന്നാലും കക്കോടി ടൗണിൽ ഉൾപ്പെടെ ല ഭാഗങ്ങളിലും കെട്ടിടങ്ങളും മറ്റും നഷ്ടപ്പെടുകയും നഷ്ടപരിഹാരം നൽകേണ്ട സാഹചര്യവുമാണുള്ളത്.ഈ ഭാഗങ്ങളിൽ തന്നെ പലയിടങ്ങളിലും നിലവിൽ 12 മീറ്ററിൽ കൂടുതൽ വീതിയാണുള്ളത്.മേൽ സാഹചര്യത്തിൽ 18 മീറ്ററിൻ്റെ തുടർച്ച ബാലുശ്ശേരി വരെ നിലനിർത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണമെന്ന് സമിതി വിലയിരുത്തി.

തുടർച്ചയായി ഉണ്ടാകുന്ന പ്രളയത്തിൽ ഗതാഗത തടസ്സം നേരിടുന്ന തടമ്പാട്ടു താഴ പോലുള്ള പ്രദേശങ്ങളിൽ റോഡിൻ്റെ ഉയരം വർദ്ധിപ്പിച്ച് ആയതിനുള്ള പരിഹാരം കൂടി കാണേണ്ടതുണ്ട് എന്നും സമിതി വിലയിരുത്തി

കച്ചവട സ്ഥാപനങ്ങൾ ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് കച്ചവടത്തെ ബാധിക്കുന്ന വിധത്തിൽ നഷ്ടം സംഭവിക്കുകയാണെങ്കിൽ പുനരധിവാസം സംബന്ധിച്ചുള്ള തീരുമാനങ്ങളും ഉണ്ടാകണമെന്ന് സമിതി വിലയിരുത്തി

മേൽ പ്രസ്താവിച്ച വിലയിരുത്തലിൻ്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ബാലുശ്ശേരി റോഡ് വീതി കൂട്ടുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഈ വിദഗ്ദ സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

<u>വിദഗ്ദ സമിതി അംഗങ്ങൾ</u>

1. ശ്രീ.ജസീൽ റഹ്മാൻ കോട്ടയിൽ (അനൗദ്യോഗിക സാമൂഹ്യ ശാസ്ത്രജ്ഞൻ)
2. ശ്രീമതി. ബിന്ദു.പി.ടി.(അനൗദ്യോഗിക സാമൂഹ്യ ശാസ്ത്രജ്ഞ)
3. ശ്രീമതി.പി.വത്സല (പ്രസിഡണ്ട് ,ചേളന്നൂർ ഗ്രാമപഞ്ചായത്ത്)
4. ശ്രീ.കെ.കെ.ചോയിക്കുട്ടി (പ്രസിഡണ്ട്,കക്കോടി ഗ്രാമപഞ്ചായത്ത്)
5. ശ്രീമതി.റംല.എൻ.ഡെപ്യൂട്ടി കലക്ടർ (എൽ.എ),കോഴിക്കോട്.
6. ശ്രീമതി.നിർമ്മൽ റീത്ത ഗോമസ്.സ്പെഷ്യൽ തഹസിൽദാർ (എൽ.എ),കോഴിക്കോട്
7. നഗരപാതാ വികസന പദ്ധതി
8. ശ്രീ. അനൂപ്,അസിസ്റ്റൻ്റ് എഞ്ചിനീയർ ,RICK,

Managing Director
Road Infrastructure Company Kerala Ltd